**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിൽ അസി.ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായിരുന്ന ശ്രീ എ.സി.മൊയ്തി,പി.ഡി.ടീച്ചർ, ജി.എച്ച്.എസ്.എസ്. അവിടനല്ലൂർ, കോഴിക്കോട് - അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിലേയ്ക്ക് വിടുതൽ ചെയ്ത നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.3700/2017/തസ്വഭവ തിരുവനന്തപുരം, തീയതി,17/11/2017**

---

പരാമർശം:- (1 ) 17.12.2016 ലെ സ.ഉ. (സാധാ) നം. 3445/2016/തസ്വഭവ ഉത്തരവ്

(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.07.17 ലെ 7596/E1/17/KSHO നടപടിക്രമം

(3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.07.17 ലെ 7596/E1/17/KSHO നമ്പർ കത്ത്

**ഉത്തരവ്**

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലാ മിഷനിലെ അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി 30.12.2016 മുതൽ നിയമിച്ച ശ്രീ എ.സി.മൊയ്തിയെ സൂചന (2) പ്രകാരം മാതൃവകുപ്പിലേയ്ക്ക് വിടുതൽ ചെയ്ത നടപടി സാധൂകരിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന (1) ഉത്തരവ് പ്രകാരം കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിൽ അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിതനായ കോഴിക്കോട്, അവിടനല്ലൂർ, ജി.എച്ച്.എസ്.എസ്സിലെ പി.ഡി.ടീച്ചർ ശ്രീ. എ.സി.മൊയ്തിയെ 29.12.2017 വരെ അനുവദിച്ചിരുന്ന അന്യത്ര സേവനകാലാവധി ടിയാന്റെ അപേക്ഷ പ്രകാരം അവസാനിപ്പിച്ച് സൂചന (2) പ്രകാരം മാതൃവകുപ്പിലേയ്ക്ക് വിടുതൽ ചെയ്ത നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ലീന എൻ.പി.**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ(മേലധികാരി മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**